©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 മാർച്ച് 14<br>14th March 2023<br>1198 കുംഭം 30<br>30th Kumbham 1198<br>1944 ഫാൽഗുനം 23<br>23rd Phalguna 1944 | നമ്പർ<br>No. | 925 |

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

വിജ്ഞാപനം

നമ്പർ:12/2023/സം.തി.ക തിരുവനന്തപുരം, 2023 മാർച്ച് 10

1994 –ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994 -ലെ 13-ാം ആക്റ്റ്) 12-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2005 ജനുവരി 14-ാം തീയതിയിൽ 15/2005/സം.തി.ക നമ്പരായി പുറപ്പെടുവിച്ച വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും സർക്കാരുമായി കൂടിയാലോചിച്ച് ഓരോ ജില്ലയിലേയും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സഹായിക്കുന്നതിനായി അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി പഞ്ചായത്ത് പ്രദേശത്തിന് അതാതു ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെയും മുനിസിപ്പൽ പ്രദേശത്തിന് അതാതു ജില്ലയിലെ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറെയും സ്ഥാനനിർദ്ദേശം ചെയ്ത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനാൽ ഉത്തരവാകുന്നു.

**എ.ഷാജഹാൻ**

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33

<u>വിശദീകരണകുറിപ്പ്</u>

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ച്കൊണ്ടുള്ളതാണ്.)

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന്, ഓരോ ജില്ലയിലും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനായി അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി പഞ്ചായത്ത് പ്രദേശത്തിന് അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും മുനിസിപ്പൽ പ്രദേശത്തിന് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടറെയും ചുമതലപ്പെടുത്തി 14.01.2005 തീയതിയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. സർക്കാർ 27/10/2022 ലെ ജി.ഒ(പി)74/2022/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപനപ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ചില തസ്തികകൾ പുന:നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ അതിന് അനുസൃതമായി ഓരോ ജില്ലയിലും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ സഹായിക്കുന്നതിനായി അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി പഞ്ചായത്ത് പ്രദേശത്തിന് ജില്ലയിലെ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെയും മുനിസിപ്പൽ പ്രദേശത്തിന് ഡെപ്യൂട്ടി കളക്ടർ ഇലക്ഷനെയും ചുമതലപ്പെടുത്താൻ കമ്മീഷൻ തീരുമാനിച്ചിരുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.03.14 03:30:54 +05:30